(ബി) ലേബർക്കോടതി മുൻപാകെ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ ക്രമമായി റവന്യൂ നടത്തുകയും പഴക്കമുള്ള കേസ്സുകൾ കഴിവതും വേഗം തീർക്കുവാൻ കോടതികളോടാവശ്യപ്പെടാറുമുണ്ട്. വ്യവസായത്തർക്കം സംബന്ധിക്കുന്ന കേസ്സുകൾ തീർപ്പു കൽപ്പിച്ച് അവാർഡ് പാസ്സാക്കുന്നതിന് സമയപരിധി കൽപ്പിക്കുവാൻ 1982-ലെ വ്യവസായത്തർക്ക ഭേദഗതി ആക്ട് പ്രകാരം ഗവൺമെൻറിനധികാരമുണ്ട്. അതനുസരിച്ച് ഇപ്പോൾ വ്യവസായത്തർക്കത്തെ സംബന്ധിക്കുന്ന കേസ്സുകൾ ലേബർ കോടതികളിൽ അഡ്ജുഡിക്കേഷന് വിടുമ്പോൾ സമയപരിധി ബന്ധപ്പെട്ട ഉത്തരവിൽ രേഖപ്പെടുത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ തീർപ്പു കല്പിക്കാനായി ലേബർ കോടതികൾ മുൻപാകെ കിടക്കുന്ന കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽക്കരം ഏകീകരിക്കാനുള്ള നടപടി

* 147 [191] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാർ നൽകുന്ന തൊഴിൽക്കരത്തേക്കാൾ വളരെ കൂടുതലാണ് പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർ നൽകേണ്ടിവരുന്നതെന്ന വസ്തുത ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽക്കരം ഏകീകരിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ;

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എ. അബ്ദു)

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

1985-86-ലെ ഐ. ആർ. ഡി. പി. സബ്സിഡി

* 148 [192] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ഡി. പി. അനുസരിച്ച് 1985-86 സാമ്പത്തിക വർഷത്തിൽ ഓരോ ബ്ലോക്കിലും എത്ര സംഖ്യ വീതമാണ് സബ്സിഡിയായി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് അവസാന തീരുമാനം എടുത്തുകഴിഞ്ഞുവോ;

(സി) കഴിഞ്ഞുവെങ്കിൽ 1985-86 സാമ്പത്തിക വർഷത്തിൽ നമ്മുടെ സ്റ്റേറ്റിന് ആകെ എത്ര സംഖ്യ സബ്സിഡി നൽകുവാനായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly